**A** **303**

# സമഗ്ര ശിക്ഷ, കേരളം
## പാദവാർഷിക മൂല്യനിർണയം 2018-19
## ഗണിതം

ക്ലാസ് - 3 സമയം : 2 മണിക്കൂർ

കുട്ടിയുടെ പേര്..................................................

വിദ്യാലയത്തിന്റെ പേര്..........................................

ഡിവിഷൻ...........................................................

രക്ഷിതാവിന്റെ ഒപ്പ് ..............................................

അധ്യാപകന്റെ ഒപ്പ് ..............................................

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | ദുരിതാശ്വാസ നിധി | |
| 2 | സംഖ്യാകാർഡുകൾ | |
| 3 | പിരിച്ചെഴുതാം | |
| 4 | മീനിന്റെ അടുത്തെത്താം | |
| 5 | ഉപജില്ലാകലോത്സവം | |
| 6 | രൂപങ്ങൾ നിർമിക്കാം | |
| | ഓവറോൾ ഗ്രേഡ് | |

### നിർദേശങ്ങൾ

ആദ്യത്തെ 15 മിനിറ്റ് ചോദ്യങ്ങൾ നന്നായി വായിച്ചു മനസിലാക്കാനുള്ള സമയമാണ്. ആറു ചോദ്യങ്ങളിൽ അഞ്ചെണ്ണത്തിന് മാത്രം ഉത്തരം എഴുതിയാൽ മതി. തെരഞ്ഞെടുക്കുന്ന പ്രവർത്തനങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരമെഴുതണം.

### പ്രവർത്തനം 1 ദുരിതാശ്വാസ നിധി

അരുണപുരം ഗവ.എൽ.പി സ്കൂളിലെ കുട്ടികൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകുവാൻ തീരുമാനിച്ചു. ഇതിനായി കുട്ടികളിൽ നിന്നും ശേഖരിച്ച തുകയുടെ വിവരം ചുവടെ കൊടുത്തിരിക്കുന്നു.

| ക്ലാസ് | രൂപ |
|---|---|
| I A | 425 |
| I B | 360 |
| II | 571 |
| III | 615 |
| IV | 526 |

എ) ഏറ്റവും കൂടുതൽ തുക സമാഹരിച്ച ക്ലാസ് ഏത്? [ ]

ബി) ഏറ്റവും കുറഞ്ഞ തുക എത്ര? [ ]

സി) ഓരോ ക്ലാസുകാരും ശേഖരിച്ച തുക ആരോഹണക്രമത്തിൽ എഴുതുക.

............, ............, ............, ............, ............

ഡി) ഒന്നാം ക്ലാസിലെ രണ്ട് ഡിവിഷനുകളിലുമായി സമാഹരിച്ച ആകെ തുക എത്ര? [ ]

**പ്രവർത്തനം:2 സംഖ്യാകാർഡുകൾ**

ചുവടെയുള്ള കാർഡുകളിൽ എഴുതിയിരിക്കുന്ന ക്രിയകൾ ചെയ്ത് ഉത്തരമായി വരുന്ന കാർഡുമായി വരച്ച് യോജിപ്പിക്കുക.


| | |
|---|---|
| 416 | 719- 22 |
| 683-36 | 366 |
| 785-419 | 880-464 |
| 697 | 905 |
| 995-90 | 647 |

**പ്രവർത്തനം : 3 പിരിച്ചെഴുതാം**

എ) 5, 7, 2 എന്നീ അക്കങ്ങൾ ഉപയോഗിച്ച് ഉണ്ടാക്കാവുന്ന ഏറ്റവും വലിയ സംഖ്യ ചുവടെയുള്ള വട്ടത്തിൽ എഴുതുക

ബി) ഈ സംഖ്യയെ ചുവടെ സൂചിപ്പിച്ച വ്യത്യസ്ത രീതികളിൽ പിരിച്ചെഴുതി ചിത്രം പൂർത്തിയാക്കുക.


- ഒന്നുകളും പത്തുകളും നൂറുകളും
- ഒന്നുകളും നൂറുകളും
- ഒന്നുകളും പത്തുകളും
- ഒന്നുകൾ



## പ്രവർത്തനം : 4 മീനിന്റെ അടുത്തെത്താം

ചിണ്ടൻ പൂച്ചയ്ക്ക് മീനിന്റെ അടുത്തെത്തണം. ചുവടെ കൊടുത്തിട്ടുള്ള ക്രിയകളുടെ ഉത്തരങ്ങൾ വരുന്ന വട്ടങ്ങളിലൂടെ പോയാൽ മീനിന്റെ അടുത്തെത്താം .വഴി കണ്ടെത്താൻ ചിണ്ടനെ സഹായിക്കൂ.

| | | | | |
|---|---|---|---|---|
| 297 | + | 113 | = | 410 |
| 312 | + | 222 | = | |
| 248 | + | 328 | = | |
| 508 | + | 118 | = | |
| 419 | + | 210 | = | |
| 500 | + | 209 | = | |



പ്രവർത്തനം : 5 ഉപജില്ലാകലോത്സവം

ഉപജില്ലാകലോത്സവത്തിൽ അഖിൽ ലളിതഗാനം, കവിതാലാപനം എന്നീ മത്സരങ്ങളിൽ പങ്കെടുത്തു. ലളിതഗാനമത്സരത്തിന്റെ കോഡ് നമ്പർ 200 മുതലും കവിതാലാപനത്തിന്റെ കോഡ് നമ്പർ 300 മുതലുമാണ് നൽകിയത്.


എ) ലളിതഗാനത്തിന് അഖിലിനു കിട്ടിയത് അവസാന കോഡ് നമ്പറായ 226 ആണ്. എങ്കിൽ എത്ര കുട്ടികൾ ലളിതഗാനമത്സരത്തിൽ പങ്കെടുത്തു?

ബി) കവിതാലാപനത്തിൽ അഖിൽ 15-ാമതാണ് പങ്കെടുത്തത്. എങ്കിൽ അവന്റെ കോഡ് നമ്പർ എത്ര ?

സി) കവിതാലാപനത്തിന് അവസാനം നൽകിയ കോഡ് നമ്പർ 325 ആണെങ്കിൽ അഖിലിനുശേഷം എത്ര കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു?

പ്രവർത്തനം : 6 രൂപങ്ങൾ നിർമിക്കാം

എ) ചിത്രത്തിൽ നിന്ന് ഓരോ ജ്യാമിതീയ രൂപത്തിന്റെയും എണ്ണം എഴുതുക.



| ജ്യാമിതീയ രൂപം | എണ്ണം |
|---|---|
| ത്രികോണം | |
| ചതുരം | |
| വട്ടം | |

ബി) 3 ത്രികോണം , 4 ചതുരം , 2 വട്ടം ഇവ ഉപയോഗിച്ച് ചുവടെയുള്ള കളത്തിൽ ഒരു രൂപം വരയ്ക്കുക.